Draft #5 of File 23076/AC A1-1/2020/ACAD (PART-II) Approved by ASSISTANT REGISTRAR I (ACADEMIC) on 09-Mar-2021 01:17 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

ന്യൂ ജനറേഷൻ, ഇന്റർ ഡിസിപ്ലിനറി പ്രോഗ്രാമുകൾ- 2020-21 അദ്ധ്യയന വർഷം മുതൽ അഫിലിയേഷൻ നൽകിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**അക്കാദമിക് എ 1 സെക്ഷൻ**

നമ്പർ. 1443/AC A 1/2021/എം.ജി.യു    പ്രിയദർശിനി ഹിൽസ്,തീയതി: 09.03.2021

---

*പരാമർശം:*-1. സർവ്വകലാശാല വിജ്ഞാപനം നം. 23076/ACA1-1/2020/Acad തീയതി. 06.10.2020

2. 2020-21 അദ്ധ്യയന വർഷത്തിൽ ന്യൂ ജനറേഷൻ, ഇന്റർ ഡിസിപ്ലിനറി പ്രോഗ്രാമുകൾ ആരംഭിക്കുന്നതിനായി വിവിധ കോളേജ് പ്രിൻസിപ്പാളുമാർ നൽകിയ അപേക്ഷ

3. സർവ്വകലാശാല ഉത്തരവ് നം. 4699/ACA1/2020/എം.ജി.യു. തീയതി.13.10.2020

4. സർവ്വകലാശാല ഉത്തരവ് നം. 4877/ACA1/2020/എം.ജി.യു. തീയതി 22.10.2020

5. കത്ത് നം. 23076/ACA1-1/2020/ACAD തീയതി. 22.10.2020

6. സർക്കാർ ഉത്തരവ് നം. G.O(Ms) No. 112/2021/ഉ.വി.വ. തീയതി. 17.02.2021

7. 17.02.2021 തീയതിയിൽ കൂടിയ സിൻഡിക്കേറ്റ് ഉപസമിതി- അഫിലിയേഷൻ& അപ്പ്രൂവലിന്റെ മിനിറ്റ്സ് ഇനം നം.OA 1

**ഉത്തരവ്**

2020-21 അദ്ധ്യയന വർഷത്തിൽ ന്യൂ ജനറേഷൻ, ഇന്റർ ഡിസിപ്ലിനറി പ്രോഗ്രാമുകൾ ആരംഭിക്കുന്നതിനായി വിവിധ എയ്ഡഡ്/ഗവൺമെൻറ് കോളേജുകളിൽ നിന്നും അപേക്ഷ ക്ഷണിച്ചുകൊണ്ട് പരാമർശം (1) പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിരുന്നു. ആയതു പ്രകാരം വിവിധ എയ്ഡഡ്/ഗവണ്മെന്റ് കോളേജ് പ്രിൻസിപ്പാളുമാർ പരാമർശം (2) പ്രകാരം അപേക്ഷകൾ സമർപ്പിച്ചു. ടി അപേക്ഷകൾ പരിഗണിച്ച സർവ്വകലാശാല, കോളേജുകളുടെ അക്കാദമിക-ഭൗതിക സാഹചര്യങ്ങൾ വിലയിരുത്തുന്നതിനായി പരിശോധന സമിതികളെ പരാമർശം (3) പ്രകാരം നിയമിച്ചിരുന്നു. ടി സമിതികളുടെ അനുകൂലമായ ശിപാർശയുടെ അടിസ്ഥാനത്തിൽ ടി കോളേജുകൾ അപേക്ഷിച്ച ന്യൂ ജനറേഷൻ, ഇന്റർ ഡിസിപ്ലിനറി പ്രോഗ്രാമുകൾ ആരംഭിക്കുന്നതിന് ശുപാർശ ചെയ്തുകൊണ്ട് പരാമർശം (4) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ടി ഉത്തരവിന്റെ അടിസ്ഥാനത്തിൽ പ്രോഗ്രാമുകളുടെ അഫിലിയേഷനായി പരാമർശം (5) പ്രകാരം സർക്കാരിന്റെ അനുമതി തേടുകയും ചെയ്തു. പരാമർശം (6) പ്രകാരം ടി പ്രോഗ്രാമുകൾക്ക് സർക്കാർ ഭരണാനുമതി നൽകുകയുണ്ടായി. ന്യൂ ജനറേഷൻ, ഇന്റർ ഡിസിപ്ലിനറി പ്രോഗ്രാമുകൾക്ക് ഭരണാനുമതി

നൽകിക്കൊണ്ടുള്ള പരാമർശം (6) പ്രകാരമുള്ള സർക്കാർ ഉത്തരവ് പരിഗണിച്ച സിൻഡിക്കേറ്റ് ഉപസമിതി - അഫിലിയേഷൻ & അപ്പ്രൂവലൽ- സർക്കാർ ഉത്തരവ് ജി.ഒ.(എം.എസ്) നം. 112/2021/ഉ.വി.വ., തീയതി. 17.02.2021 പ്രകാരം സംസ്ഥാന സർക്കാർ ഭരണാനുമതി നല്കിയതായ താഴെ പറയുന്ന പ്രോഗ്രാമുകൾക്ക് സർവ്വകലാശാല തലത്തിൽ നിഷ്കർഷിച്ചിട്ടുള്ള പരിശോധനയും നടപടിക്രമങ്ങളും പൂർത്തീകരിച്ചതിനാൽ 2020-21 അദ്ധ്യയന വർഷം മുതൽ അഞ്ചു വർഷത്തേയ്ക്ക് താൽകാലിക അഫിലിയേഷൻ നൽകുന്നതിന് പരാമർശം (7) പ്രകാരം ശിപാർശ ചെയ്തു.

| ക്രമ നം. | കോളേജ് | അനുവദിച്ച പ്രോഗ്രാമുകൾ | സീറ്റുകളുടെ എണ്ണം |
|---|---|---|---|
| 1 | അകിനാസ് കോളേജ്, ഇടക്കൊച്ചി | എം.എസ് സി സ്റ്റാറ്റിസ്റ്റിക്സ് | 12 |
| 2 | എം.ഇ.എസ് കോളേജ്, നെടുങ്കണ്ടം | എം.എ ഇക്കണോമിക്സ് | 20 |
| 3 | അൽ അമീൻ കോളേജ്, ഇടത്തല | എം.എസ് സി കമ്പ്യൂട്ടർ സയൻസ് (ഡാറ്റ അനലിറ്റിക്സ്) | 12 |
| 4 | ശ്രീ നാരായണ ആർട്സ് & സയൻസ് കോളേജ്, കുമരകം | എം.എ ഇക്കണോമിക്സ് | 20 |
| 5 | സെന്റ്. തോമസ് കോളേജ്, റാന്നി | ഇന്റഗ്രേറ്റഡ് എം.എസ് സി പ്രോഗ്രാം ഇൻ കമ്പ്യൂട്ടർ സയൻസ്- ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആൻഡ് മെഷീൻ ലേണിംഗ് | 15 |
| 6 | സെന്റ്. മേരീസ് കോളേജ്, മണർകാട് | എം.എ ഹിസ്റ്റോറിക്കൽ സ്റ്റഡീസ് | 20 |

മേൽ പരാമർശിത സർക്കാർ ഉത്തരവ് പ്രകാരം ഭരണാനുമതി ലഭിച്ച റാന്നി,സെന്റ്. തോമസ് കോളേജിലെ ഇന്റഗ്രേറ്റഡ് എം.എസ്.സി പ്രോഗ്രാം ഇൻ കമ്പ്യൂട്ടർ സയൻസ്- ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആൻഡ് മെഷീൻ ലേണിംഗ് എന്ന പ്രോഗ്രാമിലേയ്ക്ക് നിലവിൽ ഇന്റഗ്രേറ്റഡ് പ്രോഗ്രാമുകളിലെ പ്രവേശനം പൂർത്തീകരിച്ചതിനാലും സെന്റ്. മേരീസ് കോളേജ്, മണർകാടിലെ എം.എ. ഹിസ്റ്റോറിക്കൽ സ്റ്റഡീസ് എന്ന പ്രോഗ്രാമിലേയ്ക്ക് സിലബസ് പൂർത്തീകരിക്കേണ്ടതിനാലും പ്രസ്തുത പ്രോഗ്രാമിലേയ്ക്കുള്ള പ്രവേശന നടപടികൾ 2021-22 അക്കാദമിക വർഷം മുതൽ നടത്തുന്നതിനു നിഷ്കർഷിക്കുന്നതിനും ശിപാർശ ചെയ്തു.

Draft #5 of File 23076/AC A1-1/2020/ACAD (PART-II) Approved by ASSISTANT REGISTRAR I (ACADEMIC) on 09-Mar-2021 01:17 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

മേൽ പറഞ്ഞിരിക്കുന്ന പ്രോഗ്രാമുകളിലേക്കുള്ള പ്രവേശനം താഴെ പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായിരിക്കും-

1. സർക്കാർ/ സർവ്വകലാശാല നിഷ്കർഷിച്ചിരിക്കുന്ന മെറിറ്റ്/സംവരണ മാനദണ്ഡങ്ങൾക്ക് അനുസൃതമായിട്ടായിരിക്കും ടി പ്രോഗ്രാമിലേക്കുള്ള പ്രവേശനം.

2. പ്രവേശന സമയത്തു വിദ്യാർത്ഥികളിൽ നിന്നും താഴെ പറയുന്ന ഫീസുകൾ ഈടാക്കി സർവ്വകലാശാലയിൽ അടയ്ക്കേണ്ടതാണ്.

| | |
|---|---|
| വിദ്യാർത്ഥികളുടെ അഫിലിയേഷൻ ഫീസ് (ഒറ്റ തവണ പ്രവേശനസമയത്ത് ) | : U.G 550/-രൂപ<br>: P.G 750/- രൂപ(ഒറ്റ തവണ പ്രവേശന സമയത്ത് ) |
| സ്പോർട്സ് അഫിലിയേഷൻ ഫീസ് | : 210 /- രൂപ ഒരു വിദ്യാർത്ഥിക്ക് ഒരു വർഷത്തേക്ക്, സർവ്വകലാശാലയിൽ അടയ്ക്കേണ്ടതാണ് |
| വിദ്യാർത്ഥി ക്ഷേമനിധി | : 30 /- രൂപ ഒരു വിദ്യാർത്ഥിക്ക് ഒരു വർഷത്തേയ്ക്ക് |
| സർവ്വകലാശാല യൂണിയൻ ഫീസ് | : 50/- രൂപ ഒരു വിദ്യാർത്ഥിക്ക് ഒരു വർഷത്തേയ്ക്ക് |
| വിദ്യാർത്ഥികളുടെ ഇൻഷുറൻസ് പ്രീമിയം | : 23 /- രൂപ ഒരു വിദ്യാർത്ഥിക്ക് ഒരു വർഷത്തേയ്ക്ക് |
| മെടിക്കുലേഷൻ ഫീസ് | : 250 /- രൂപ |

2. മേൽ പറഞ്ഞിരിക്കുന്ന കോളേജുകൾ അഫിലിയേഷനുമായി ബന്ധപ്പെട്ട് സർവ്വകലാശാലയിലേക്ക് അടക്കേണ്ടതായ ഫീസുകൾ സമയബന്ധിതമായി അടക്കേണ്ടതാണ്.

3. ടി പ്രോഗ്രാമുകൾ നടത്തേണ്ടത് സർവ്വകലാശാല അംഗീകരിച്ച സ്കീമും സിലബസും പ്രകാരമായിരിക്കണം. ടി കോളേജിന്റെ പ്രിൻസിപ്പാൾ, അനുവദിച്ച സീറ്റുകളിലേക്ക് മാത്രമേ പ്രവേശനം നടത്താവൂ. വിദ്യാർത്ഥികളെ സർവ്വകലാശാല നിയമ പ്രകാരം പരീക്ഷക്ക് തയ്യാറാക്കുകയും അഫിലിയേഷൻ അനുവദിച്ച പ്രോഗ്രാമിലേക്ക് തന്നെ പരീക്ഷക്ക് ഇരുത്തുകയും വേണം.

4. കോഴ്സ് അഫിലിയേഷൻ ഫീസ് ഓരോ പ്രോഗ്രാമിനും

| | |
|---|---|
| U.G(Conventional courses) | -10500/-രൂപ . |
| U.G(New Generation courses) | -15750/-രൂപ . |
| P.G(Conventional courses ) | -15750/-രൂപ |
| P.G(New Generation courses) | -26250/-രൂപ |

Draft #5 of File 23076/AC A1-1/2020/ACAD (PART-II) Approved by ASSISTANT REGISTRAR I (ACADEMIC) on 09-Mar-2021 01:17 PM - Page 3

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #5 of File 23076/AC A1-1/2020/ACAD (PART-II) Approved by ASSISTANT REGISTRAR I (ACADEMIC) on 09-Mar-2021 01:17 PM - Page 4

എന്ന നിരക്കിൽ അടക്കേണ്ടതാണ്

മേൽ പറഞ്ഞ വ്യവസ്ഥകൾക്കും സർവ്വകലാശാല നിയമങ്ങൾക്കും വിധേയമായിട്ടായിരിക്കണം പ്രോഗ്രാം നടത്തേണ്ടത്. അല്ലാത്ത പക്ഷം പ്രോഗ്രാമിന്റെ അഫിലിയേഷൻ പിൻവലിക്കുന്നതായിരിക്കും.

പരാമർശം (7) പ്രകാരമുള്ള ശിപാർശ മഹാത്മാഗാന്ധി സർവ്വകലാശാല ആക്ട് 1985, അദ്ധ്യായം 3, സെക്ഷൻ 10(17) പ്രകാരം 22.02.2021 തീയതിയിൽ ബഹു. വൈസ് ചാൻസലർ അംഗീകരിച്ചു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

കാഞ്ചന എൻ നായർ

അസിസ്റ്റന്റ് രജിസ്ട്രാർ 1 (അക്കാദമിക്)
രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1. ബന്ധപ്പെട്ട കോളേജ് പ്രിൻസിപ്പാൾ/മാനേജർ
2. പ്രിൻസിപ്പൽ സെക്രട്ടറി ഉന്നതവിദ്യാഭ്യാസ വകുപ്പ്
3. ഡയറക്ടർ, ഡയറക്ടറേറ്റ് ഓഫ് കോളേജിയേറ്റ് എഡ്യൂക്കേഷൻ
4. വിസി/പിവിസി എന്നിവരുടെ പിഎസ് മാർ
5. രജിസ്ട്രാർ/എഫ് ഒ/സി .ഇ എന്നിവരുടെ പി എ മാർ
6 . എ ആർ/ഡി ആർ/ജെ ആർ (അക്കാദമിക്/പരീക്ഷ)
7. കണ്ടെന്റ് മാനേജ്മന്റ് സെക്ഷൻ / സർവ്വകലാശാല വെബ്സൈറ്റ്
8. എസി എ 5,എസി എ 6,എസി എ 8,എസി എ 9,എസി എ 12
9. എസിസി1/എസിസി2/എ റ്റി ആർ /CITAD
10. കരുതൽ ഫയൽ/റിക്കോർഡ്സ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം